## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37 — 28.02.2017-ൽ മറുപടിയ്ക്ക്

### കേരള ബാങ്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ. എം. മുകേഷ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കറൻസി രഹിതയിടപാട് പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നയത്തിന്റെ പശ്ചാത്തലത്തിൽ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി കൂടി കണക്കിലെടുത്ത് കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ ദ്രുതഗതിയിലുള്ള നടപടിയുണ്ടാകുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഏൽപ്പിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | ഇല്ല. കമ്മിറ്റിയുടെ കാലാവധി 27/04/2017 വരെ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (സി) | വൈദ്യനാഥൻ കമ്മീഷൻ, ബക്ഷി കമ്മിറ്റി റിപ്പോർട്ടുകൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ കേരള ബാങ്ക് രൂപീകരണം വഴി എത്രമാത്രം സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (സി) | വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പാക്കേജും, ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളും നടപ്പിലാക്കാൻ കേരള സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നിർബന്ധമായും നടപ്പിലാക്കേണ്ടതില്ലെന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകരണം മുഖേന ത്രിതല വായ്പ മേഖലയിലെ ഒരു തട്ട് ഒഴിവാകുന്നതോടെ വായ്പക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ കഴിയുമെന്നും, ടി ബാങ്കിന് ബാങ്കിംഗ് രംഗത്ത് മത്സരക്ഷമത ഉറപ്പുവരുത്താൻ ഉതകുന്ന ആധുനിക സൗകര്യങ്ങളും സേവനങ്ങളും നൽകാൻ കഴിയുമെന്നും ഗ്രാമീണ ജനതയുടെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്ന ശക്തമായ പ്രാഥമിക സഹകരണ സംഘങ്ങൾ എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നും വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ